# കാസർകോടൻ നീര ജൂലായിൽ വിപണിയിലെത്തും

കൊച്ചി: കാസർകോട് നാളികേര ഉത്പാദന കമ്പനിയുടെ ആഭിമുഖ്യത്തിൽ ഉത്പാദിപ്പിക്കുന്ന നീരയും അനുബന്ധ ഉത്പന്നങ്ങളും ജൂലായിൽ വിപണിയിലിറക്കുമെന്ന് കമ്പനി ചെയർമാൻ എം.പി. ബേബി പറഞ്ഞു. നീരയ്ക്ക്പുറമേ നീര പഞ്ചസാര, ചക്കര എന്നിവയാണ് വിപണിയിലെത്തുക. കാസർകോട് വെള്ളരിക്കുണ്ടിലെ അരയേക്കർ സ്ഥലത്താണ് പ്ലാന്റ് സ്ഥിതി ചെയ്യുക. മൂന്നരക്കോടി രൂപ ചെലവഴിച്ച് 6500 ചതുരശ്രയടിയിൽ നിർമ്മിക്കുന്ന പ്ലാന്റിൽ പ്രതിദിനം 10,000 ലിറ്റർ നീര സംസ്കരണമാണ് ലക്ഷ്യമിടുന്നത്. നീര ചെത്താനുള്ള 1500 തെങ്ങുകൾ ലഭ്യമായിട്ടുണ്ട്. ഭാവിയിൽ കൂടുതൽ നീര ഉത്പാദനം ലക്ഷ്യമിട്ട് കർഷകർക്ക് തെങ്ങിൻ തൈകൾ വിതരണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.